പതിനാലാം കേരള നിയമസഭ

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 543** 04-02-2020 ൽ മറുപടിക്ക്

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത വാഹനങ്ങൾക്ക് വിദേശത്ത് നിന്ന് ഉൾപ്പെടെ ഇതിനകം എത്ര ഓർഡറുകൾ ലഭിച്ചിട്ടുണ്ട്; | ബി) | വിദേശത്ത് നിന്ന് ഓർഡറുകൾ ലഭിച്ചിട്ടില്ല എന്നാൽ സംസ്ഥാനത്തിനകത്ത് നിന്ന് 35 വാഹനങ്ങൾക്ക് ഓർഡർ ലഭിച്ചു ( തിരുവനന്തപുരം സ്മാർട്ട് സിറ്റിയിൽ നിന്ന് നേരിട്ട് 15 വാഹനങ്ങൾക്കും, ഡീലേഴ്സിൽ നിന്നും 20 വാഹനങ്ങൾക്കും) |
| സി) | നഷ്ടത്തിലോടുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ ലാഭകരമാക്കുവാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ? | സി) | നഷ്ടത്തിലോടുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി സർക്കാർ 7 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഇ- ആട്ടോ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം നടത്തുന്നതിനുള്ള നടപടികൾ തുടരുകയും ചെയ്യുന്നു. ബി.എസ് 6 വാഹനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ